**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4079** **09-08-2021 - ൽ മറുപടിയ്ക്ക്**

**അപകടങ്ങളിലും കേസുകളിലും പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അരികിൽ വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ അരികിൽ വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾ കണ്ടെത്തി ആയത് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിന്റെ സഹകരണത്തോടുകൂടി ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസ് ഡിപ്പാർട്ടുമെന്റിന്റെ 26.08.2020-ലെ ഡി.ജി.പി-യുടെ സർക്കുലർ നം.25/2020/PHQ പ്രകാരം പോലീസ് സ്റ്റേഷൻ പരിസരങ്ങളുടെ സമീപം പൊതു നിരത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടി ഉരുപ്പടികൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | അപകടങ്ങളിലും കേസുകളിലും പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമക്കുരുക്കുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ? | (സി) | അപകടങ്ങളിലും കേസുകളിലും പ്പെടുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആഭ്യന്തര വകുപ്പ് മുഖാന്തിരം സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ